മെട്രോ വാർത്ത

03 January 2018

# രാജ്യാന്തര സമ്മേളനം

കൊച്ചി: ഓഖി ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ കാലാവസ്ഥാ മുന്നറിയിപ്പ് സംവിധാനം ഫലപ്രദമാക്കുന്നതിന് അന്താരാഷ്ട്ര സഫാരി സമ്മേളനത്തിൽ പ്രത്യേക ചർച്ച സംഘടിപ്പിക്കുന്നു. ഈ മാസം 15 മുതൽ 17വരെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) നേതൃത്വത്തിൽ കൊച്ചിയിൽ നടക്കുന്ന സഫാരി അന്താരാഷ്ട്ര സമ്മേളനത്തിൽ നടക്കുന്ന ശാസ്ത്രജ്ഞരുടെയും മത്സ്യത്തൊഴിലാളികളുടെയും സംയുക്ത ചർച്ചാ സംഗമത്തിൽ മത്സ്യത്തൊഴിലാളികൾ, കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ വകുപ്പിലെ വിദഗ്ധർ, ഹൈദരാബാദിലെ ഇന്ത്യൻ നാഷണൽ സെന്റർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവീസസ് (ഇൻകോയിസ്) ശാസ്ത്രജ്ഞർ, മത്സ്യവകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കും.

കാലാവസ്ഥാ പ്രവചനം, കടൽ പ്രതിഭാസങ്ങളെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ എന്നിവ ഫലപ്രദമായി മത്സ്യത്തൊഴിലാളികളിലേക്ക് എത്തുന്നതിനുള്ള മാർഗങ്ങൾ അവലോകനം ചെയ്യും. സഫാരി സമ്മേളനത്തിൽ നടക്കുന്ന പ്രത്യേക സംഗമം ഫിഷറീസ്മന്ത്രി ജെ. മെഴ്സിക്കുട്ടിയമ്മ ഉദ്ഘാടനം ചെയ്യും. സമ്മേളനത്തിന്റെ മുന്നോടിയായി നടക്കുന്ന ത്രിദിന പരിശീലന പരിപാടി ഈ മാസം 12ന് തുടങ്ങും.